(ബി) ഐ.ടി.ഐ. ആരംഭിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് സർക്കാരിൽ ലഭിച്ചിട്ടുള്ള എല്ലാ അപേക്ഷകളും ട്രെയിനിംഗ് ഡയറക്ടറുടെ പരിശോധനയ്ക്കും റിപ്പോർട്ടിനുമായി അയച്ചിട്ടുണ്ട്. ഐ.ടി.ഐ. അനുവദിക്കാൻ ആവശ്യമായ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടുള്ള അപേക്ഷകൾ മാത്രമാണ് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പരിഗണിച്ചിട്ടുള്ളത്.

(സി) ഐ.ടി.ഐ. അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചതിനുശേഷമാണ് കരാർ വ്യവസ്ഥയിൽ ഏർപ്പെടുന്നത്. അതിനുശേഷം കരാറിൽ നിന്നും പിന്മാറിയിട്ടില്ല. ഐ.ടി.ഐ. ആരംഭിക്കുന്നതിനാവശ്യമായ സ്ഥലം, കെട്ടിടം മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം സൗജന്യമായി ലഭ്യമാക്കുന്ന സ്ഥലങ്ങളിൽ സാങ്കേതിക വിദ്യാഭ്യാസത്തിന്റെ അപര്യാപ്തത പരിശോധിച്ച് ഫണ്ടിന്റെ ലഭ്യതയനുസരിച്ചാണ് പുതിയ ഐ.ടി.ഐ.-കൾ അനുവദിച്ചിട്ടുള്ളത്.

എംപ്ലോയ്മെന്റ് നിയമന നിയമങ്ങൾ

72 (5477) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്ത പ്രകാരം യോഗ്യതയുള്ളവരെ ശുപാർശ ചെയ്യാൻ കഴിയാതെവന്ന സന്ദർഭങ്ങളുണ്ടായിട്ടുണ്ടോ ; എങ്കിൽ ഏതൊക്കെ ക്വാളിഫിക്കേഷൻ ഉള്ളവരുടെ അഭാവമാണ് ഉണ്ടായിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ബി) എംപ്ലോയ്മെന്റ് നിയമന നിയമങ്ങൾ ലംഘിച്ച് വിവിധ വകുപ്പുകളിൽ നടത്തിയ താല്ക്കാലിക നിയമനങ്ങൾ റദ്ദാക്കിക്കിട്ടാനും എക്സ്ചേഞ്ച് മുഖേന പകരം നിയമനം നടത്താനും നിയമപ്രകാരമുള്ള നടപടികൾ തൊഴിൽ വകുപ്പ് സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ടായിട്ടുണ്ട്. പാരാ മെഡിക്കൽ മേഖലയിൽ ആയുർവേദ നേഴ്സ്, ഫാർമസിസ്റ്റ്, ഹോമിയോ വകുപ്പിൽ ഹോമിയോ നേഴ്സ്-കം-ഫാർമസിസ്റ്റ്, ഫാർമസിസ്റ്റ് (സിദ്ധ), ഡെന്റൽ ഹൈജീനിസ്റ്റ്, ഡെന്റൽ മെക്കാനിക്ക്, പ്രോസ്തറേറ്റ് ടെക്നീഷ്യൻ, റേഡിയോഗ്രാഫർ, ട്രീറ്റ്മെന്റ് ഓർഗനൈസർ, മെഡിക്കൽ റെക്കോർഡ് ലൈബ്രേറിയൻ, ഒപ്റ്റീഷ്യൻ, വിമുക്ത ഭടൻമാർക്കുവേണ്ടി സംവരണം ചെയ്യപ്പെട്ട ടൈപ്പിസ്റ്റ്, സി.എ. മാരുടെയും കിർത്താഡ്സ് പോലെയുള്ള സ്ഥാപനങ്ങളിൽ നിന്നും അറിയിക്കപ്പെടുന്ന കാർട്ടോഗ്രാഫർ, കൂറേറ്റർ, മൃഗസംരക്ഷണ വകുപ്പിൽ പട്ടികവർഗ്ഗക്കാർക്കുവേണ്ടി സംവരണം ചെയ്യപ്പെട്ട ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ

LIBRARY ARCHIVES Kerala Legislative Assembly

വിവിധ വ്യവസായ സ്ഥാപനങ്ങളിൽ പ്രവർത്തി പരിചയം ആവശ്യപ്പെട്ടു കൊണ്ട് അറിയിക്കപ്പെടുന്ന സ്കിൽഡ് വർക്കർ, മൈനിംഗ് മേറ്റ്, ഡ്രില്ലർ, ഷിപ്പ് മോഡലിംഗ് മെക്കാനിക്ക് തുടങ്ങിയ ട്രേഡുകളിൽ നിർദ്ദിഷ്ട യോഗ്യതയും തൊഴിൽ പരിചയമുള്ളവരുടെ ദൗർലഭ്യം അനുഭവപ്പെടുന്നുണ്ട്.

(ബി) നിലവിലുള്ള നിയമപ്രകാരം നടപടി സ്വീകരിക്കുന്നുണ്ട്.

വയനാട് ജില്ലയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനം

73 (5478) ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വയനാട് ജില്ലയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി നിയമിച്ച് സ്ഥിരപ്പെടുത്തിയവരുടെ വകുപ്പ് തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ ;

(ബി) താൽക്കാലിക നിയമനം വഴി ആറുമാസം വരെയുള്ള കാലയളവിൽ എത്രപേർക്ക് ജോലി ലഭ്യമാക്കിയെന്ന് വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം എംപ്ലോയ്മെന്റ് വകുപ്പ് വയനാട് ജില്ലയിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ ;

(ഡി) മിശ്രവിവാഹിതരായ എത്ര ഉദ്യോഗാർത്ഥികൾക്കാണ് ഈ സർക്കാരിന്റെ കാലത്ത് വയനാട് ജില്ലയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ഇതുവരെ ജോലി ലഭ്യമാക്കിയതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.†

(ബി) 1851 പേർ.

(സി) വയനാട് ജില്ലയിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ആകെ 90010 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ 6596 പേർ പട്ടിക ജാതിക്കാരും 10635 പേർ പട്ടികവർഗ്ഗക്കാരുമാണ്. ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ സംബന്ധമായ എല്ലാവിധ മാർഗ്ഗനിർദ്ദേശങ്ങളും നൽകുന്നതിനായി തൊഴിൽ മാർഗ്ഗനിർദ്ദേശക യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. പത്ര മാധ്യമങ്ങളിലൂടെയും പ്രാദേശിക ചാനലുകളിലൂടെയും സന്നദ്ധ സംഘടനകളിലൂടെയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ പ്രവർത്തനത്തെക്കുറിച്ചും പദ്ധതികളെക്കുറിച്ചും വിശദീകരണം നൽകുകയും ചെയ്യുന്നുണ്ട്. എല്ലാ സർക്കാർ ഓഫീസുകളിൽ നിന്നും 25-നു മേലേ ജീവനക്കാരുള്ള സ്വകാര്യ സ്ഥാപനങ്ങളിൽനിന്നും എല്ലാ ത്രൈമാസവും ജീവനക്കാരുടെ കണക്കുകൾ ശേഖരിക്കുക, രണ്ടു വർഷത്തിലൊരിക്കൽ വിദ്യാഭ്യാസ യോഗ്യത തിരിച്ചുള്ള വിവരങ്ങൾ ശേഖരിക്കുക, സ്വകാര്യ സ്ഥാപനങ്ങളിലെയും സർക്കാർ സ്ഥാപനങ്ങളിലെയും നിയമനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധന നടത്തുക എന്നീ കാര്യങ്ങൾക്കായി ഇ.എം.ഐ. യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly